"ഭരണഭാഷ മാതൃഭാഷ"

<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

(ഹാജർ: ഡോ.അരുൺ എസ് നായർ ഐ.എ.എസ്)

തിരുവനന്തപുരം,

ഉത്തരവ് നം. SJD/3833/2020-E2

തീയതി. 20-02-2025

---

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ശ്രീ.സേതുരാഘവൻ.കെ, ക്ലാർക്കിനെതിരെയുള്ള അച്ചടക്ക നടപടി- ജീവനക്കാരനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് പ്രാഥമിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.സ.ഉ.(സാധാ) നം.537/05 സാക്ഷേവ തീയതി.21.10.2005

2.സ.ഉ.(സാധാ) നം. 454/10/സാക്ഷേവ തീയതി.01.11.2010.

3.സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 18.01.2016 തീയതിയിലെ ഇ4/3220/15 നം ഉത്തരവ്.

4.ഒല്ലൂക്കര ശിശുവികസന പദ്ധതി ഓഫീസറുടെ 27.10.2020 തീയതിയിലെ ICDS/OLA/614/2020 നമ്പർ കത്ത്.

5.സ.ഉ(അച്ചടി)നം.152/2020/ധന തീയതി.05.11.2020.

6.ധനകാര്യ(റൂൾസ്-ബി) വകുപ്പിന്റെ 30.12.2020 തീയതിയിലെ 83/2020/ധന സർക്കുലർ.

7.സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 19.03.2021 തീയതിയിലെ SJD/3833/2020-E2 നം കത്ത്.

8.ഒല്ലൂക്കര ശിശു വികസന പദ്ധതി ഓഫീസറുടെ 16/04/2021 തീയതിയിലെ ICDS/OLA/175/2020 നമ്പർ കത്ത് .

9.സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 30.09.2021 തീയതിയിലെ SJD/3833/2020-E2 നം കത്ത്.

10.ഒല്ലൂക്കര ശിശുവികസന പദ്ധതി ഓഫീസറുടെ 12/10/2021 തീയതിയിലെ ICDS/OLA/614/2020 നം കത്ത്.

11.സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 05.04.2022 തീയതിയിലെ SJD/3833/2020-E2 നം കുറ്റപത്രവും കുറ്റാരോപണപത്രികയും.

12.വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ 29.07.2022-ലെ

DWCD/1565/2022-E5 നം കത്ത്.

13.സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 25.07.2023 തീയതിയിലെ SJD/3833/2020-E2 നം. കത്ത്.

സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഒല്ലൂക്കര ശിശു വികസന പദ്ധതി ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവേ പരാമർശം (1), (2), (3) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 25/10/2005 മുതൽ 15 വർഷം ശൂന്യവേതനാവധിയിൽ പ്രവേശിച്ചതായ ശ്രീ.സേതുരാഘവൻ.കെ-യുടെ ശൂന്യവേതനാവധി കാലയളവ് 25/10/2020-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ തന്റെ വിദേശ ജോലി തുടർന്ന് പോകുന്നതിന് 26/10/2020 മുതൽ 5 വർഷത്തേയ്ക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനായി ദൂതൻ മുഖേന ശ്രീ.സേതുരാഘവൻ.കെ സമർപ്പിച്ച അവധി അപേക്ഷ പരാമർശം (4) പ്രകാരം ഒല്ലൂക്കര ശിശു വികസന പദ്ധതി ഓഫീസർ ഈ കാര്യാലയത്തിൽ അയച്ചു തരുകയുണ്ടായി.

ഒല്ലൂക്കര ശിശുവികസന പദ്ധതി ഓഫീസിൽ നിന്നും ശ്രീ.സേതുരാഘവൻ.കെയുടെ ശൂന്യവേതനാവധിയ്ക്കുള്ള അപേക്ഷ 06.11.2020 തീയതിയിലാണ് ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളത്. പരാമർശം (5) ഉത്തരവ് പ്രകാരം 05.11.2020 തീയതി പ്രാബല്യത്തിൽ ഒരു ജീവനക്കാരന് സർവീസ് കാലയളവിൽ അനുവദിക്കുന്ന ശൂന്യവേതനാവധിയുടെ കാലയളവ് 20 വർഷം എന്നത് 5 ആയി ചുരുക്കുകയും പരാമർശം (6) പ്രകാരം ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലറായി സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ (റൂൾസ്-ബി) വകുപ്പിന്റെ പരാമർശം (6) സർക്കുലർ നിർദ്ദേശം-1 ൽ കെ.എസ്. ആർ. ഭാഗം ഒന്ന് അനുബന്ധം XII-A, XII-C എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ ഒരു ഉദ്യോഗസ്ഥന് സർവ്വീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധി കാലയളവ് 05/11/2020 മുതൽ പ്രാബല്യത്തിൽ പരമാവധി അഞ്ചു വർഷമായും അവധി അവസാനിക്കുന്ന മുറയ്ക്ക്, അഥവാ 5 വർഷത്തിന് ശേഷം തിരികെ ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന പക്ഷം കെ.എസ്.ആർ-ഭാഗം ഒന്ന് അനുബന്ധം XII-A, ചട്ടം 9 / XII-C, ചട്ടം 10 പ്രകാരം ജീവനക്കാരനെതിരെ അച്ചടക്കനടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശം 3-ൽ അഞ്ച് വർഷത്തിലധികകാലയളവിലേയ്ക്ക് അവധി ദീർഘിപ്പിക്കുന്നതിനായി 05/11/2020 തീയതിയ്ക്ക് ശേഷം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിരസിക്കേണ്ടതും ഇതിനകം അനുവദിച്ച അവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കേണ്ടതാണെന്ന് അപേക്ഷകനെ അറിയിക്കുവാനും നിർദ്ദേശം 4-ൽ കെ.

എസ്. ആർ. ഭാഗം ഒന്ന് അനുബന്ധം XII-A പ്രകാരമുള്ള അവധി ദീർഘിപ്പിക്കുന്നതിനായി 05/11/2020-ന് മുൻപ് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ, അപേക്ഷകൻ തൊഴിൽദാതാവുമായി ഏതെങ്കിലും തരത്തിലുള്ള കരാറിൽ ഏർപ്പെട്ടിട്ടുള്ള പക്ഷം കരാറിന്റെ പകർപ്പ് സഹിതം ഉചിതമാർഗ്ഗേന വകുപ്പ് തലവന്റെ വ്യക്തമായ ശുപാർശയോടെ സർക്കാരിലേയ്ക്ക് ലഭ്യമാക്കുവാനും നിർദ്ദേശിച്ചിരുന്നു.

പരാമർശം (6) സർക്കുലറിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ.സേതുരാഘവൻ.കെ-യുടെ അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നിരസിച്ചതായും, ശ്രീ.സേതുരാഘവൻ.കെ അടിയന്തിരമായി സാമൂഹ്യനീതി ഡയറക്ടറേറ്റ് കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകണമെന്നും അല്ലാത്ത പക്ഷം കെസ്.ആർ ഭാഗം 1 അനുബന്ധം XII-A, ചട്ടം 9/ XII-C, ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് ശ്രീ.സേതുരാഘവൻ.കെ-യെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ച് ഒല്ലൂക്കര ശിശുവികസന പദ്ധതി ഓഫീസർക്ക് കത്ത് നൽകുകയുണ്ടായി. ടി കത്തിന്റെ പകർപ്പ് ശ്രീ.സേതുരാഘവൻ.കെ-യ്ക്കും ഒല്ലൂക്കര ശിശു വികസന പദ്ധതി ഓഫീസർ ശ്രീ.സേതുരാഘവൻ.കെ-യ്ക്ക് അയച്ചുവെങ്കിലും ശ്രീ.സേതുരാഘവൻ.കെ-യ്ക്ക് അയച്ച തപാൽ ലെഫ്റ്റ് ഇൻഡ്യ എന്ന് രേഖപ്പെടുത്തി തിരികെ ലഭിക്കുകയുണ്ടായിയെന്നും, പ്രാദേശികമായി നടത്തിയ അന്വേഷണത്തിൽ ടിയാൻ സ്ഥലത്തില്ലായെന്നാണ് അറിയാൻ കഴിഞ്ഞതെന്നും മേൽവിലാസത്തിലെ മാറ്റം ശ്രീ.സേതുരാഘവൻ.കെ അറിയിച്ചിട്ടില്ലായെന്നും അവധി അപേക്ഷയുടെ നിലവിലത്തെ അവസ്ഥ സംബന്ധിച്ച് ടിയാൻ ബന്ധപ്പെട്ടിട്ടില്ലായെന്നും പരാമർശം (8) പ്രകാരം ഒല്ലൂക്കര ശിശുവികസനപദ്ധതി ഓഫീസർ അറിയിയ്ക്കുകയുണ്ടായി. ശ്രീ.സേതുരാഘവൻ.കെ അവധി അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയോടൊപ്പം വിദേശത്തെ തൊഴിൽദാതാവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള രേഖ ഇല്ലാത്തതിനാൽ കരാറിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനും ആയതു സംബന്ധിച്ച് വിവരം ലഭ്യമാക്കുന്നതിനുമായി പരാമർശം (9) പ്രകാരം ഒല്ലൂക്കര ശിശുവികസന പദ്ധതി ഓഫീസർക്ക് കത്ത് നൽകുകയുണ്ടായി. ആയതിന് പരാമർശം (10) പ്രകാരം ശ്രീ.സേതുരാഘവൻ.കെ ദൂതൻ മുഖേന ലഭ്യമാക്കിയ അപേക്ഷ സാമൂഹ്യനീതി ഡയറക്ടേറ്റിലേയ്ക്ക് അയച്ചു തരുകയാണുണ്ടായതെന്ന് മറുപടി നൽകുകയുണ്ടായി.

സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന ശ്രീ.സേതുരാഘവൻ.കെ-യ്ക്കെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും

അപ്പീലും) റൂൾസ്, 1960 ലെ റൂൾസ് 11 (1) (vii) പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (11) പ്രകാരം കുറ്റപത്രവും കുറ്റാരോപണപത്രികയും തയ്യാറാക്കി ടിയാന് നൽകുന്നതിനായി വനിതാശിശുവികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം അയച്ചു നൽകിയെങ്കിലും ആയത് ലെഫ്റ്റ് ഇൻഡ്യ എന്ന് രേഖപ്പെടുത്തി മടങ്ങി ലഭ്യമായതായി ഒല്ലൂക്കര ശിശു വികസന പദ്ധതി അറിയിച്ചിട്ടുണ്ടെന്ന് പരാമർശം (12) പ്രകാരം വനിതാശിശുവികസന വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.തുടർന്ന് കുറ്റപത്രവും കുറ്റാരോപണപത്രികയും ടിയാന്റെ വിദേശ അഡ്രസ്സിൽ അയച്ചുവെങ്കിലും ആയതും കൈപ്പറ്റാതെ തിരികെ ലഭിക്കുകയും ചെയ്തതിനെ തുടർന്ന് പരാമർശം (13) പ്രകാരം പ്രമുഖപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും കുറ്റപത്രവും കുറ്റാരോപണപത്രികയും 2024 ജൂൺ 2 ലെ മാതൃഭൂമി, മാധ്യമം പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ഇതുവരേയും ജീവനക്കാരന്റെ ഭാഗത്തു നിന്നും ഒരു മറുപടിയും ലഭ്യമായിട്ടില്ല.

ഈ സാഹചര്യത്തിൽ ശ്രീ.സേതുരാഘവൻ.കെ, ക്ലാർക്കിനെതിരെ ധനകാര്യ (റൂൾസ്-ബി) വകുപ്പിന്റെ പരാമർശം (6) സർക്കുലറിലെ നിബന്ധനകൾക്ക് വിധേയമായി കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസ്, 1960-ലെ റൂൾസ് 11 (1) (vii) പ്രകാരം സ്വീകരിച്ച അച്ചടക്കനടപടി ജീവനക്കാരനെ സർവീസിൽ നിന്നും നീക്കം ചെയ്ത് തീർപ്പുകൽപ്പിച്ച് പ്രാഥമിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ.സേതുരാഘവൻ.കെ-യ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കകം മറുപടി ലഭ്യമാകാത്ത പക്ഷം ടി വിഷയത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതാണ്.

Signed by
Arun S Nair
Date: 20-02-2025 00:58:05

**Dr ARUN S NAIR IAS**
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ശ്രീ.സേതുരാഘവൻ.കെ.
ക്ലാർക്ക്, ICDS ഒല്ലൂക്കര.
Kuriyakkattil House,
Edathirinji.P.O
Irinjalakkuda (Via)

തൃശ്ശൂർ - 680122.

(രണ്ട് പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ഒന്നിൽ ഒപ്പ് രേഖപ്പെടുത്തി മടക്കി നൽകേണ്ടതാണ്.)

<u>പകർപ്പ് :</u>

1. ഡയറക്ടർ വനിതാശിശുവികസന വകുപ്പ്
2. ശിശു വികസന പദ്ധതി ഓഫീസർ, ICDS പ്രോജക്ട് ഓഫീസ് ,ഒല്ലൂക്കര
3. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകപ്പ് (പത്രപ്രസിദ്ധീകരണത്തിന്)
4. സൂപ്രണ്ട്, എഫ് സെക്ഷൻ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
5. ഡയറക്ടറുടെ സി.എ-യ്ക്ക്
6. ഇ2 സീറ്റ്
7. സ്റ്റോക്ക് ഫയൽ/സ്പെയർ